"ഭരണഭാഷ – മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് – മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി – ഗുണഭോക്താക്കൾക്ക് 2026 ഫെബ്രുവരി (രണ്ടാം ഘട്ടം), മാർച്ച് മാസങ്ങളിലെ ധനസഹായം അനുവദിക്കുന്നതിന് തുക റിലീസ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ധനകാര്യ (വനിത ശിശു വികസനം) വകുപ്പ്

**സ.ഉ.(സാധാ)നം.2853/2026/ധന** **തിരുവനന്തപുരം, തീയതി: 16/03/2026**

---

പരാമർശം:- (1) സ.ഉ.(സാധാ)നം.1183/2026/ധന തീയതി 06/02/2026.

(2) സ.ഉ.(സാധാ)നം.1315/2026/ധന തീയതി 10/02/2026.

(3) തദ്ദേശ സ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/03/2026-ലെ LSGD/PD/36614/2025-SSP6 നമ്പർ കത്ത്.

## ഉത്തരവ്

മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിയുടെ ആദ്യഘട്ട ധനസഹായം അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് 105,87,52,000/- രൂപ റിലീസ് ചെയ്തിരുന്നു. 08/02/2026 വരെ ഡിജിറ്റൽ സൈൻ ചെയ്തിട്ടുള്ളതിൽ മാനദണ്ഡം പാലിക്കുന്ന 10,18,042 ഗുണഭോക്താക്കൾക്ക് ആദ്യഘട്ട ധനസഹായമായി 101,80,42,000/- രൂപ വിതരണം ചെയ്യുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു. ആദ്യഘട്ടം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത 101,80,42,000/- രൂപ കിഴിച്ച് 4,07,10,000/- രൂപ കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് 08/02/2026 മുതൽ 28/02/2026 വരെ ഡിജിറ്റൽ സൈൻ ചെയ്തിട്ടുള്ളതും പദ്ധതി മാനദണ്ഡം പാലിക്കുന്നതുമായ 5,74,385 ഗുണഭോക്താക്കൾക്ക് 2026 ഫെബ്രുവരി മാസത്തെ രണ്ടാം ഘട്ട ധനസഹായം വിതരണത്തിനായി 57,43,85,000/- രൂപയും മാർച്ച് മാസത്തിൽ മാനദണ്ഡം പാലിക്കുന്ന 16,40,276 ഗുണഭോക്താക്കൾക്ക് 164,02,76,000/- രൂപയും കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവദിക്കണമെന്ന് തദ്ദേശ സ്വയം ഭരണ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിയുടെ 2026 ഫെബ്രുവരി മാസത്തെ രണ്ടാം ഘട്ട ധനസഹായം വിതരണത്തിനായി 5,74,385 ഗുണഭോക്താക്കൾക്ക് 1000/- രൂപ നിരക്കിൽ 57,43,85,000/- രൂപയും മാർച്ച് മാസത്തെ ധനസഹായം വിതരണത്തിനായി 16,40,276 ഗുണഭോക്താക്കൾക്ക് 1000/- രൂപ നിരക്കിൽ 164,02,76,000/- രൂപയും ചേർത്ത് ആകെ ആവശ്യമായി വരുന്ന 221,46,61,000/- രൂപയിൽ കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന 4,07,10,000/- രൂപ കിഴിച്ച് 217,39,51,000/- രൂപ (ഇരുനൂറ്റി പതിനേഴ് കോടി മുപ്പത്തിയൊൻപത് ലക്ഷത്തി അമ്പത്തൊന്നായിരം രൂപ) 2235-02-103-42-00-00-00-N-V Chief Minister's Sthree Suraksha Padhathi ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിക്കായി കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള 799011400005312 നമ്പർ STSB അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ധനകാര്യ (അക്കൗണ്ട്സ്) വകുപ്പ് അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ. ആർ. ജ്യോതിലാൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണവകുപ്പ്.
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണവകുപ്പ്.
5. മാനേജിങ് ഡയറക്ടർ, കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്.
6. ധനകാര്യ (അക്കൗണ്ട്സ്) വകുപ്പ്.
7. ധനകാര്യ (സീക്രട്ട്) വകുപ്പ്.
8. ധനകാര്യ (വെയ്സ് & മീൻസ്) വകുപ്പ്.
9. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ.
10. നോഡൽ ഓഫീസർ, www.finance.kerala.gov.in ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
11. കരുതൽ ഫയൽ / ഓഫീസ് കോപ്പി (E-3318553).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.